بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 11.06.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## ഹദ്റത്ത് ഉമർ(റ) ഭാഗം 5

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ الرَّحۡمٰنِ الرَّحِيۡمِ ۙ مٰلِكِ يَوۡمِ الدِّيۡنِ ؕ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു,

കഴിഞ്ഞ ഖുത്ബയിൽ ഹദ്റത്ത് ഉമർ(റ)നെ കുറിച്ചുള്ള പരാമർശത്തിൽ ഹുദൈബിയ്യാ സമാധാന കരാറുമായി ബന്ധപ്പെട്ട കാര്യങ്ങളായിരുന്നു വിവരിച്ചിരുന്നത്. ഹുദൈബിയ്യാ സന്ധിയെ ഉല്ലംഘിച്ചു കൊണ്ട് ഖുറൈശികളുടെ സഖ്യകക്ഷിയായ ബനൂബക്കർ ഗോത്രം മുസ്‌ലീങ്ങളുടെ സഖ്യകക്ഷിയായ ഖസാഅ് ഗോത്രത്തെ ആക്രമിക്കുകയും ഖുറൈശികൾ അവരെ സഹായിക്കുകയും ചെയ്തു. അതെ തുടർന്ന് അബൂ സുഫിയാൻ ഉടമ്പടിയിൽ ഭേദഗതികൾ വരുത്തണമെന്ന ആവശ്യമുന്നയിക്കാനായി മദീനയിലേക്കു വന്നു. ഡോ. അലി ബിൻ സുലാബി എഴുതുന്നു, ആ സമയത്ത് റസൂലുല്ലാഹ്(സ)യുടെ പിതൃവ്യനായ അബ്ബാസ്, അബൂ സുഫിയാനെയും കൂട്ടി മദീനയി തിരുനബി സമക്ഷം വന്നു. ആ സമയത്ത് ഹദ്റത്ത് ഉമർ(റ) അവരെ കാണുകയും അവരുമായി തിരുനബി സമക്ഷം ഹാജരാകുകയും ചെയ്തു. എന്നിട്ട് അബൂ സുഫിയാനെ തന്റെ വാളിന് ഇരയാക്കാൻ അദ്ദേഹം റസൂലുല്ലാഹ്(സ)യോട് അനുമതി തേടി. അപ്പോൾ ഹദ്റത്ത് അബ്ബാസ് താൻ അബൂ സുഫിയാന് അഭയം നല്കിയിരിക്കുന്നെന്ന് തിരുനബി(സ)യുടെ സമക്ഷത്തിൽ ബോധിപ്പിച്ചു. തുടർന്ന് ഹദ്റത്ത് ഉമറുമായി അദ്ദേഹം സംവാദം നടത്തി. അപ്പോൾ റസൂലുല്ലാഹ്(സ) പറഞ്ഞു, അല്ലയോ അബ്ബാസ്, ഇപ്പോൾ താങ്കൾ അബൂ സുഫിയാനെ കൂടെ കൊണ്ടു പോകുക. എന്നിട്ട് നാളെ കാലത്ത് അദ്ദേഹത്തെ കൂട്ടി കൊണ്ടുവരിക.

ഹിജ്റ വർഷം 7, ശഅ്ബാൻ മാസത്തിൽ ഹദ്റത്ത് ഉമർ(റ) ഒരു സൈനിക നീക്കത്തിൽ മുപ്പത് പടയാളികളുമായി ഹവാസുൻ ഗോത്രത്തിന്റെ ശാഖയായ തുറബിലേക്ക് പോകുകയുണ്ടായി.

ചരിത്ര ഗ്രന്ഥങ്ങളിലും മറ്റും വന്നിട്ടുള്ളത്, ഖൈബർ യുദ്ധത്തിലാണ് ആദ്യമായി റസൂലുല്ലാഹ്(സ)യുടെ കൊടിയെ കുറിച്ച് പരാമർശമുള്ളത് എന്നാണ്. അതിനു മുമ്പ് ചെറു പതാകകളായിരുന്നു ഉണ്ടായിരുന്നത്. റസൂലുല്ലാഹ്(സ)യുടെ കൊടിയുടെ പേര് ഉഖാബ് എന്നായിരുന്നു. അതിന് കറുപ്പ് നിറമായിരുന്നു. അത് വിശ്വാസികളുടെ മാതാവായ ഹദ്റത്ത് ആയിശ(റ)യുടെ പുതപ്പു കൊണ്ട് നിർമിച്ചതായിരുന്നു. ഖൈബറിൽ തങ്ങിയപ്പോൾ മൈഗ്രേൻ കാരണമായി റസൂലുല്ലാഹ്(സ) പുറത്തേയ്ക്കു വന്നിരുന്നില്ല. അക്കാരണത്താൽ തിരുനബി(സ) ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അലി(റ) എന്നിവർക്ക് ക്രമാനുസരണം പതാക കൈമാറുകയും ഇസ്‌ലാമിന് അല്ലാഹു വിജയം പ്രദാനം ചെയ്യുകയുമുണ്ടായി.

ഖൈബർ വിജയം കാരണം ഇസ്‌ലാമിന് കൈവന്ന യുദ്ധ മുതലിൽ അഞ്ചിലൊരു ഭാഗം റസൂലുല്ലാഹ്(സ)ക്കു ലഭിക്കുകയും അത് തിരുനബി മുസ്‌ലീങ്ങൾക്കിടയിൽ വിതരണം ചെയ്യുകയുമുണ്ടായി. അവിടെയുള്ള ജൂതന്മാർ നാടുവിടാൻ തുനിഞ്ഞപ്പോൾ ഇസ്‌ലാമിക സ്വത്ത് റസൂലുല്ലാഹ്(സ) അവർക്കു പാട്ടത്തിനു നല്കുകയും അവർ അതിൽ പണിയെടുത്ത് വിളവ് ഇരുകൂട്ടരും പങ്കിടണമെന്ന വ്യവസ്ഥ വയ്ക്കുകയും ചെയ്തു. റസൂലുല്ലാഹ്(സ)യ്ക്കു ശേഷം ഹദ്റത്ത് അബൂബക്കറിന്റെ കാലത്തും ഇതു തുടർന്നു. ഹദ്റത്ത് ഉമറിന് തന്റെ ഖിലാഫത്തു കാലത്ത് റസൂലുല്ലാഹ്(സ) രോഗക്കിടക്കയിൽ അവസാന സമയത്ത് അറബ് ഉപഭൂഖണ്ഡത്തിൽ രണ്ടു മതങ്ങൾ ഒരിക്കലും ഒരുമിച്ചു പോകില്ല എന്നു പറഞ്ഞതായി അറിയാനിടയായി. അപ്പോൾ അദ്ദേഹം റസൂലുല്ലാഹ്(സ)യുമായി ഉടമ്പടിയില്ലാത്ത എല്ലാ ജൂതന്മാരെയും ഖൈബറിൽ നിന്നും നാടുകടത്തുകയുണ്ടായി.

ഹുനൈൻ യുദ്ധം കഴിഞ്ഞു മടങ്ങവേ റസൂലുല്ലാഹ്(സ)നോട് ഹദ്റത്ത് ഉമർ(റ), താൻ ജാഹിലിയ്യത്തി (ഇസ്‌ലാമിനു മുമ്പ്) ചെയ്ത ഇഅ്തിക്കാഫ് ഇരിക്കുമെന്ന നേർച്ച പൂർത്തിയാക്കാനുള്ള അനുവാദം ചോദിച്ചു. റസൂലുല്ലാഹ്(സ) അതിന് സമ്മതമേകി.

റസൂലുല്ലാഹ്(സ) തബൂക്ക് യുദ്ധാവസരത്തിൽ പ്രത്യേകം ചന്ദ നല്കാനായി ആഹ്വാനം ചെയ്തിരുന്നു. ഹദ്റത്ത് അബൂബക്കറിനെക്കാൾ ഇത്തവണ താൻ മുന്നേറുമെന്ന് കരുതി ഹദ്റത്ത് ഉമർ തന്റെ പകുതി സമ്പാദ്യവും ത്യാഗമായി സമർപ്പിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, അത് ഇസ്‌ലാമിന് കഷ്ടപ്പാടുകളുടെ കാലമായിരുന്നു. അപ്പോൾ ഹദ്റത്ത് അബൂബക്കർ തന്റെ മുഴുവൻ സമ്പാദ്യവും തിരുനബി(സ)യുടെ സമക്ഷത്തി സമർപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(റ) ഈ സംഭവം വിവരിച്ചു കൊണ്ട് പറയുന്നു, ചിലർ ബയ്അത്തും അതോടൊപ്പം ദീനിനെ ദുനിയാവിനേക്കാൾ മുന്തി

ക്കുമെന്ന് പ്രതിജ്ഞയും ചെയ്തിട്ടും കൂടി സഹായ സഹകരണങ്ങൾ ചെയ്യേണ്ട സമയമെത്തിയാൽ കീശ മുറുക്കി പിടിക്കുകയാണ് ചെയ്യുന്നത്. ഇത്രയും ലൗകി കാസക്തി ഉള്ളവർക്ക് ധാർമികമായ എന്തു ലക്ഷ്യമാണ് നേടാനാകുക.

നബികരീം(സ) അവസാനകാലത്ത് രോഗം മൂർച്ഛിച്ച അവസ്ഥയി അവിടെ ഉണ്ടായിരുന്ന മുസ്ലീങ്ങളോട്, നിങ്ങൾ വഴികേടിലാകാതിരിക്കാനായി ചില കാര്യങ്ങൾ എഴുതിക്കാനായി പേനയും കടലാസും കൊണ്ടു വരിക എന്ന് പറഞ്ഞു. ഹദ്റത്ത് സയ്യിദ് സൈനു ആബിദീൻ ശാഹ് സാഹിബ് ഈ സംഭവത്തെ കുറിച്ച് ഇപ്രകാരം വിശദീകരിക്കുന്നു, നബികരീം(സ) മരണാസന്ന നിലയിലാണെന്ന് അപ്പോൾ ഹദ്റത്ത് ഉമർ(റ)ന് ഒട്ടും തോന്നിയതു പോലുമില്ല. അതു കൊണ്ടു തന്നെ അദ്ദേഹം ജനങ്ങളോടു പറഞ്ഞു, നമ്മുടെ പക്കൽ അല്ലാഹുവിന്റെ ഗ്രന്ഥമുണ്ട്. അതു നമുക്ക് മതിയായതുമാണ്. എന്നിരിക്കെ തിരുനബി(സ)യെ ബുദ്ധിമുട്ടിക്കേണ്ടതില്ല. അക്കാര്യത്തിൽ അവിടെയുള്ളവർ പരസ്പരം തർക്കിക്കുകയും ബഹളം വർദ്ധിച്ചതിനാൽ തിരുനബി(സ) അവരോട് അവിടെ നിന്നും പോകുവാൻ പറയുകയും ചെയ്തു. തിരുനബി(സ)യ്ക്ക് ആ അസ്വസ്ഥതയുടെ ഘട്ടത്തിൽ കൂടി വിശുദ്ധ ഖുർആന്റെ മാഹാത്മ്യത്തെ കുറിച്ച് എത്രത്തോളം ചിന്തയുണ്ടായിരുന്നെന്ന് മനസ്സിലാക്കാവുന്നതാണ്. കാരണം അതിനു ശേഷം പേനയും കടലാസും കൊണ്ടു വരേണ്ട കാര്യം തിരുനബി ആവർത്തിക്കുകയുണ്ടായില്ല.

നബികരീം(സ) വഫാത്തായ സമയത്ത് ഹദ്റത്ത് ഉമർ(റ) എല്ലാവരോടുമായി ഇപ്രകാരം പറയുകയുണ്ടായി, റസൂലുല്ലാഹ്(സ) വഫാത്തായിട്ടില്ല. അല്ലാഹുവാണ! മുഹമ്മദ്(സ) വഫാത്തായെന്നു പറയുന്ന വ്യക്തിയെ ഞാൻ എന്റെ വാളുകൊണ്ട് വധിക്കുന്നതാണ്. ചിലരുടെ കൈകാലുകൾ വെട്ടാനായി അല്ലാഹു തിരുനബിയെ എഴുന്നേല്പിക്കുന്നതാണ്. തീർച്ച. നബികരീം(സ) വഫാത്തായ സമയത്ത് ഹദ്റത്ത് അബൂബക്കർ(റ) മദീനയിൽ നിന്നും രണ്ടു മൈലുകൾ അപ്പുറത്തുള്ള സുനഅ് എന്ന സ്ഥലത്തായിരുന്നു. അദ്ദേഹം വരുമ്പോൾ സമയത്ത് ഹദ്റത്ത് ഉമർ(റ) പ്രഭാഷണം നടത്തുകയായിരുന്നു. അദ്ദേഹം നേരെ ചെന്ന് നബികരീം(സ)യുടെ മുഖത്തു നിന്നും തുണി മാറ്റി ആ മുഖകമലത്തിൽ അന്ത്യചുംബനം അർപ്പിച്ചു. എന്നിട്ട് പുറത്തേക്കു വന്ന് എല്ലാവരെയും അഭിസംബോധന ചെയ്തു കൊണ്ട് ഒരു പ്രഭാഷണം നടത്തി. ദൈവത്തെ സ്തുതിച്ച ശേഷം ഇപ്രകാരം പറഞ്ഞു, നോക്കൂ, മുഹമ്മദ്(സ)നെ പൂജി ക്കുന്നവർ കേട്ടു കൊള്ളുക, നിശ്ചയമായും മുഹമ്മദ്(സ) വഫാത്തായിരിക്കുന്നു. എന്നാൽ അല്ലാഹുവിനെ പൂജിക്കുന്നവർ ഓർത്തു കൊള്ളുക, അവൻ ജീവിച്ചിരിക്കുന്നു. അവൻ ഒരിക്കലും മരിക്കുന്നതുമല്ല. അതിനു ശേഷം ഹദ്റത്ത് അബൂബക്കർ(റ) **വമാ മുഹമ്മദുൻ ഇല്ലർറസൂൽ ഖദ് ഖലത്ത് മിൻ ഖബ്‌ലിഹിർ റുസുൽ** എന്ന ആയത്തു മുഴുവനായും ചൊല്ലി. അതായത്, മുഹമ്മദ് ഒരു ദൈവദൂതൻ മാത്രമാകുന്നു. തീർച്ചയായും അദ്ദേഹത്തിനുമുമ്പേ ദൈവദൂതന്മാർ കഴിഞ്ഞു കടന്നുപോയിട്ടുണ്ട്. അതിനാ ഇദ്ദേഹവും മരണപ്പെടുകയോ വധിക്കപ്പെടുകയോ ചെയ്താൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിൽ തിരിഞ്ഞുപോയ്ക്കളയുമോ? ആരെങ്കിലും കുതികാലുകളിൽ തിരിഞ്ഞുപോയാൽ , അവരൊരിക്കലും അല്ലാഹുവിന് ഒരു നഷ്ടവും വരുത്തുകയില്ല. അല്ലാഹു തീർച്ചയായും നന്ദി കാണിക്കുന്നവർക്ക് പ്രതിഫലം നല്കുന്നതാണ്. ഈ ആയത്തു കേട്ടതും ജനങ്ങൾ ഏങ്ങലടിച്ചു കരഞ്ഞു. ഹദ്റത്ത് ഉമർ(റ) പറയുന്നു, ഹദ്റത്ത് അബൂ ബക്കർ ഈ ആയത്തു ചൊല്ലിയതു കേട്ടപ്പോൾ അല്ലാഹുവാണ! ഭയാധിക്യത്താൽ എന്റെ കാലുകൾ കുഴയുകയും ഞാൻ നിലത്തേക്കു വീഴുകയുമുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(റ) ഈ സംഭവം വിവരിച്ചു കൊണ്ട് പറയുന്നു, നിവേദകൻ പറയുന്നത്, അപ്പോൾ അല്ലാഹു അങ്ങനെ ഒരു ആയത്ത് ഇറക്കിയതായി കേട്ടുകേൾവി പോലുമില്ലാതിരുന്ന മട്ടായിരുന്നു ജനങ്ങൾക്ക്. ഹദ്റത്ത് ഉമർ(റ) പറയുന്നു, അല്ലാഹുവാണ! ഹദ്റത്ത് അബൂബക്കറിൽ നിന്നുമാണ് ഞാൻ ആദ്യമായി ആ ആയത്ത് കേട്ടത്. പറയുന്നു, ഹദ്റത്ത് അബൂബക്കർ(റ) സർവ പ്രവാചകരും മരണപ്പെട്ടെന്ന് ഖുർആനിൽ നിന്നും പ്രമാണമുന്നയിച്ച് സമർഥിക്കുന്നതിൽ പോരായ്മ ഉണ്ടായിരുന്നെങ്കിൽ അപ്പോൾ അവിടെ സന്നിഹിതരായിരുന്ന ഒരു ലക്ഷത്തിൽ പരം സ്വഹാബാക്കൾ വെറും സംശയാസ്പദവും അനുമാന പരവുമായ ഒരു ന്യായവാദത്തെയാണോ അംഗീകരിച്ചത്? അല്ലയോ മഹാനവർകളേ, താങ്കളുടെ വാദം അപൂർണമാണ് എന്ന് എന്തു കൊണ്ട് അവർ ചൂണ്ടിക്കാണിച്ചില്ല? **റാഫിഉക്ക ഇലയ്യ** എന്ന ആയത്തിൽ ഹദ്റത്ത് മിശിഹാ സ്ഥൂലദേഹത്തോടെ ആകാശത്തിലേക്കു പോയതായി ഖുർആനിൽ വിവരിച്ചത് താങ്കൾക്ക് അറിവില്ലേ? **ബ റഫഅല്ലാഹി ഇലൈഹി** എന്ന ആയത്ത് താങ്കൾ കേട്ടിട്ടില്ലേ? പിന്നെ എന്തു കൊണ്ടാണ് താങ്കൾക്ക് റസൂലുല്ലാഹ്(സ) ആകാശത്തേക്കു കരേറിയെന്നു കരുതുന്നത് പ്രവാചക പൂജയായി തോന്നുന്നത്? ഇങ്ങനെയെല്ലാം അവരെന്തു കൊണ്ട് ചോദിച്ചില്ല? എന്നാ വിശുദ്ധ ഖുർആനിൽ അവഗാഹമുള്ള അവർ **ഖലത്ത്** എന്ന പദത്തിനുള്ള വ്യഖ്യാനം **അഫഇൻ മാത്ത ഔ ഖുതില** എന്നാണെന്ന് മനസ്സിലാക്കുകയും റസൂലുല്ലാഹ്(സ)യുടെ മരണം അവരെ ദുഃഖഭരിതരും ഹൃദയം പിളർന്നവരുമാക്കിയെങ്കിലും മുൻ പ്രവാചകന്മാരെല്ലാവരും വഫാത്തായിരിക്കുന്നെന്ന് അവർക്ക് പെട്ടെന്നു തന്നെ ബോധ്യപ്പെടുകയുമുണ്ടായി.

മറ്റൊരു സന്ദർഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(റ) പറയുന്നു, അല്ലാഹു ഹദ്റത്ത് അബൂബക്കറിനു മേൽ ആയിരക്കണക്കിന് നന്മകൾ ചൊരിയട്ടെ.

അദ്ദേഹം അതിവേഗം ആ ഫിത്ന വിപാടനം ചെയ്തു. അടിസ്ഥാന പ്രമാണം ഉദ്ദരിച്ചു കൊണ്ടു തന്നെ മുൻ പ്രവാചകന്മാരെല്ലാവരും വഫാത്തായിരിക്കുന്നെന്നും അദ്ദേഹം സമർഥിച്ചു. ഇവിടെ **ഖലത്ത്** എന്ന പദത്തിന്റെ അർഥം ചില പ്രവാചകർ ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്ന് വന്നാൽ ഹദ്റത്ത് ഉമറിന്റെ പക്ഷത്താണ് ന്യായമെന്നു വരും. ഈ ആയത്ത് അദ്ദേഹത്തിന്റെ വാദത്തിന് ഉപോൽ ബലകവുമാകും. ആയതിനാൽ ഖലത്ത് എന്ന പദത്തിന് രണ്ട് അർഥ കല്പനകൾ മാത്രമേ സാധ്യമായുള്ളു. ഒന്ന് സ്വാഭാവിക മരണം, രണ്ട് വധിക്കപ്പെടൽ.

ഹദ്റത്ത് അബൂബക്കർ ഖലീഫയാകും മുമ്പ് അൻസാറുകൾ ബനൂസാഅദ ഗോത്രത്തിലെ സഅദ് ബിൻ ഉബാദയുടെ വീട്ടിൽ ഒത്തുകൂടി. എന്നിട്ട് ഒരു അമീർ ഞങ്ങളിൽ നിന്നും ഒരു അമീർ നിങ്ങളിൽ നിന്നും വേണമെന്ന ആവശ്യമുന്നയിച്ചു. ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജറാഹ്(റ) എന്നിവർ എന്നിവർ അവിടെ പോയി. ഹദ്റത്ത് അബൂബക്കർ(റ) ഒരു ഗംഭീര പ്രഭാഷണം നടത്തി. എന്നിട്ട് പറഞ്ഞു, ഞങ്ങൾ അമീറുമാരും നിങ്ങൾ മന്ത്രിമാരുമാണ്. കാരണം ഖുറൈശികൾ അറബികളിൽ വച്ച് കുലമഹിമയിൽ ഏറ്റവും ഉന്നതരും വംശപാരമ്പര്യത്തിൽ ഏറ്റവും പഴക്കമുള്ളവരുമാണ്. അതുകൊണ്ട് ഹദ്റത്ത് ഉമർ അല്ലെങ്കിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജറാഹിനെ എല്ലാവരും ബയ്അത്ത് ചെയ്യണം. അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു, ഇല്ല, താങ്കൾ അതായത് ഹദ്റത്ത് അബൂബക്കർ ഞങ്ങളുടെ തലവനും ഞങ്ങളിൽ ശ്രേഷ്ഠനും റസൂലുല്ലാഹ്(സ)യ്ക്ക് ഏറ്റവും പ്രിയങ്കരനുമാണ്. അതുകൊണ്ട് ഞങ്ങൾ താങ്കൾക്കാണ് ബയ്അത്ത് ചെയ്യുക. അതും പറഞ്ഞ് ഹദ്റത്ത് ഉമർ(റ) വേഗം ഹദ്റത്ത് അബൂബക്കറിന്റെ കൈ പിടിച്ച് ബയ്അത്ത് ചെയ്തു.

ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്തിൽ മുർത്തദീങ്ങൾ തലപൊക്കി തുടങ്ങിയപ്പോൾ ഹദ്റത്ത് ഉമർ(റ) യുദ്ധം ചെയ്യുന്നതിനെ കുറിച്ച് ആശങ്ക പ്രകടിപ്പിച്ചു. എന്നാൽ ഹദ്റത്ത് അബൂബക്കർ അതിനുള്ള തീരുമാനം കൈകൊണ്ടപ്പോൾ അദ്ദേഹവും ആ കല്പന ശിരസ്സാ വഹിച്ചു. അദ്ദേഹം പറയുന്നു, അല്ലാഹു ഹദ്റത്ത് അബൂബക്കറിന് യുദ്ധം ചെയ്യാനുള്ള ഹൃദയ വിശാലത നല്കിയതു കണ്ടപ്പോൾ ഇത് (ഈ ഖിലാഫത്ത്) ദൈവികമാണെന്ന് എനിക്ക് ബോധ്യമായി.

യാമാമ യുദ്ധത്തിൽ എഴുപത് ഖുർആൻ ഹാഫിളുമാർ ശഹീദായപ്പോൾ ഖുർആൻ ക്രോഡീകരിക്കാനുള്ള അഭിപ്രായം ഹദ്റത്ത് അബൂബക്കറിന് നല്കിയതും ഹദ്റത്ത് ഉമറായിരുന്നു.

ഹുസൂർ തിരുമനസ്സ് ഖുത്ബയുടെ അവസാനത്തിൽ ഹദ്റത്ത് ഉമർ(റ)ന്റെ അനുസ്മരണം തുടരുന്നതാണ് എന്നു പറയുകയുണ്ടായി.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 11-06-2021
Malayalam Translation: **Amnas.P.K** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516